

# ഉയിർപ്പ് പെരുന്നാൾ

Rev Fr Lukose Thankachan

കരയുന്ന മനുഷ്യന്റെ അടുത്തെത്തി കണ്ണീരിന്റെ കാരണമെന്തെന്ന് അന്വേഷിക്കുവാൻ അലിവുള്ളൊരു ദൈവം നമുക്കുന്നെ ശുഭസന്ദേശമാണ് ഉയിർപ്പ് നമുക്ക് നൽകുന്നത്. ഉത്ഥിതനായ ക്രിസ്തു മനുഷ്യർക്കു മുമ്പിൽ പ്രത്യക്ഷനാകുന്നത് അവരുടെ വേദനകൾക്കും മനോവ്യഥകൾക്കും പരിഹാരം നൽകികൊാണെന്ന് സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. കരയുന്ന മറിയത്തിന്റെയടുത്ത്, പ്രതീക്ഷകളൊക്കെ നഷ്ടപ്പെട്ട് **എമ്മാവുസി**ലേക്ക് തിരിച്ച് നടക്കുന്ന ശിഷ്യന്മാരുടെ അടുത്ത്, രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ട് ഒരു ചെറുമീൻപോലും കിട്ടാത്ത മനസ്സു മടുത്തുപോയ പത്രോസിന്റെയും സുഹൃത്തുക്കളുടെയും അടുത്ത്, ദർശനം നഷ്ടമായി നീറിനിൽക്കുന്നതായ മനസ്സിന്റെ അടുത്തേക്ക്. അങ്ങനെ ഉഴറിനിൽക്കുന്ന അനേകരുടെ അടുത്തേക്ക് പുതിയ ഒരു സുവിശേഷവുമായാണ് ഉത്ഥിതൻ കടന്നു വരുന്നത്. ‘നിങ്ങൾക്കു സമാധാനം ’ . തിരുപിറവിയിൽ മാലാഖ അറിയിക്കുന്ന സമാധാനത്തിന്റെ, സന്ദേശത്തിന്റെ പൂർണ്ണരൂപം ഉത്ഥാനത്തിൽ നാം തിരുച്ചറിയുന്നു. സമാധാനം നഷ്ടമായ ഒരു സമൂഹത്തിനു ശക്തി പകരുന്ന വാക്കുകൾ. വേദനിക്കുന്ന മനുഷ്യൻ ഉത്ഥിതന്റെ മുറിവുകളിൽ നോക്കി ആശ്വസിക്കാനുള്ള ആഹ്വാനം.

ഉയിർപ്പിനുശേഷമുള്ള ക്രിസ്തുവിന്റെ എല്ലാ ദർശനങ്ങളും ആരംഭിക്കുന്നത് ‘നിങ്ങൾക്കു സമാധാനം ’എന്ന ആശംസാവചനത്തോടുകൂടിയാണ്. മരണത്തിനു മുമ്പ് ക്രിസ്തു തന്റെ ഒരു കൂടികാഴ്ചകളും സമാനമായ ആശംസകളോടെ ആരംഭിക്കുന്നില്ല. അതുകൊുതന്നെ ഉയിർപ്പിനുശേഷമുള്ള ഈ സമാധാനം നമ്മെ ഓർമ്മിപ്പിക്കുന്നത് മനുഷ്യന്റെ അസമാധാനത്തിന് കാരണമായേക്കാവുന്ന അവസാന സാധ്യതകളെയും താൻ അതിജീവിച്ചിരുന്നു.  ഭയാശങ്കകൾക്ക് ഇനി യാതൊരു കാരണവുമില്ല എന്നതാണ്.

യോഹന്നാന്റെ സുവിശേഷ പ്രകാരം ഉത്ഥിതന്റെ ആദ്യമൊഴികൾ രു ചോദ്യങ്ങളാണ്. അതുമൊരു സ്ത്രീയോട്. നീ കരയുന്നതെന്ത്? തിരയുന്നതാരേ? (യോഹ 20:15) കല്ലറയിൽ ക്രിസ്തുവിന്റെ ശരീരം അന്വേഷിച്ചെത്തുന്ന മറിയത്തോടുള്ള ക്രിസ്തുവിന്റെ ചോദ്യങ്ങളാണിവ. അവരുടെ കരച്ചിലിന്റെയും തിരച്ചിലിന്റെയും കാരണം ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന് അവൾ അറിഞ്ഞിരുന്നില്ല എന്നതാണ്. ആ സത്യം തിരിച്ചറിയുന്ന നിമിഷം അവളുടെ കണ്ണീർ എന്നെന്നേക്കുമായി അപ്രത്യക്ഷമാകുന്നു. അതോടെ അവളുടെ കരച്ചിലും തിരച്ചിലും മാറുകയാണ്. പിന്നീട് അവൾ ഒരു നിലക്കാത്ത പ്രയാണമാവുകയാണ് ഉത്ഥിതനെ സാക്ഷിക്കാനുള്ള പ്രയാണം അതിലൊരു കൊച്ചുകുഞ്ഞിന്റെ ഭാവമാണ്, നൈർമല്യമാണ്. ഈ ഒരു അനുഭവത്തിലേക്കാണ്  നാം എത്തിച്ചേരേത്. ഈ ബോധ്യത്തിലേക്ക്, തിരിച്ചറിവിലേക്ക് വരാൻ മറിയത്തിന് എളുപ്പമാണ് കാരണം ഉത്ഥിതനുമായി അവളുടെ

തരംഗദൂരം തീരെ കുറഞ്ഞിരുക്കുന്നു. ക്രുസ്തു ഉയിർത്തിരിക്കുന്നു. അതുകൊ് തന്നെ ക്രിസ്തു അധികം സംസാരിക്കേതില്ല, വിശദീകരിക്കേതുമില്ല. അതിനാൽ ഒരു വാക്കിൽ എല്ലാം സംഭവിക്കുകയാണ് "മറിയം" എന്ന പേരു ചൊല്ലി ഒരു വിളിമാത്രം. ഒറ്റ വിളിയിൽ ക്രിസ്തുവിനെ തിരിച്ചറിയാൻ പാകത്തിനു ഞാനും ഉത്ഥിതനും തമ്മിലുള്ള ദൂരത്തിന്റെ അകലം കുറയ്ക്കാൻ എനിക്കു സാധിക്കുന്നുോ അതാണ് ഈ ഉയിർപ്പു പെരുന്നാളിൽ നമ്മുടെ മനസ്സിൽ മുഴങ്ങേ ചോദ്യം. എന്റെ സമാധാനത്തിനായി ഇടയൻ സഹിച്ച മുറുവുകളും വേദനകളും തിരിച്ചറിയാൻ സാധിക്കണം. നഷ്ടപ്പെട്ട ആടിനെ തിരികെ എടുത്തു അതിനെ തോളിലേന്തി വരികയാണിടയൻ. ഇടയന്റെ തോളിൽ കിടന്നു വാവിട്ടു കരയുന്ന കുഞ്ഞാടിനെ നോക്കി പിന്നാലെ നടന്നുവരുന്ന ആടുകൾ ചോദിക്കുന്നു എന്തിനാണ് നീ ഇങ്ങനെ വാവിട്ടു കരയുന്നത്. നീ ഇടയന്റെ തോളിൽ സുരക്ഷിതനല്ലേ, ഇത്രനാളും ഇടയനെ അനുസരിച്ച് അവന്റെ കൂടെ മാത്രം അനുഗമിച്ച ഞങ്ങളെ ഇന്നുവരെ അപ്പൻ തോളിൽ ഏറ്റിയിട്ടില്ല പിന്നെ എന്തിനു നീ കരയണം. കുഞ്ഞാട് മറുപടിയായി പറഞ്ഞു എന്റെ ഇടയന്റെ തോളിൽ കിടന്നപ്പോളാണ് എന്റെ ഇടയൻ എനിക്കായി സഹിച്ച വേദനയുടെ ആഴം ഞാൻ തിരിച്ചറിയുന്നത്. എനിക്കായി കരഞ്ഞ കണ്ണീർച്ചാലിന്റെ പാടുകൾ ഞാൻ കാണുന്നു, ഹൃദയത്തിന്റെ ശബ്ദം ഞാൻ കേൾക്കുന്നു. കുഞ്ഞാട് ഇടയന്റെ തോളിൽ സുരക്ഷിതനാണ്. 'ഞാൻ നല്ല ഇടയൻ ആകുന്നു, നല്ല ഇടയൻ ആടുകൾക്കുവേ തന്റെ ജീവനെ കൊടുക്കുന്നു'. (യോഹന്നാൻ 10:11)

ജീവിത ദുരന്തങ്ങളുടെ വെളിച്ചം കടക്കാത്ത ഭൂവറകളിൽ പെട്ടുപോയതായിരുക്കാം നമ്മുടെ ജീവിതങ്ങൾ. പക്ഷേ നമുക്ക് ശാന്തരാകാം. എന്തെന്നാൽ നമ്മുടെ നാഥൻ ജീവിച്ചിരുക്കുന്നു. അവൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു. നീ കരയുന്നതെന്തിന്? എന്നു ചോദിച്ച് 'നിങ്ങൾക്കു സമാധാനം' എന്ന് ആശംസിച്ച് നമ്മുടെ ചാരെ അവനെത്താൻ സമയമായി.

ലോക പ്രശസ്ത കലാകാരനായ ലെയനാർഡോ ഡാവിഞ്ചി അന്ത്യ അത്താഴത്തിന്റെ മനോഹരമായ ആ പടം വരച്ച് സുഹൃത്തിനെ കാണിച്ചു. ചിത്രം നോക്കി അയാൾ പറഞ്ഞു: യേശുവിന്റെ കൈയ്യിലിരിക്കുന്ന കാസ ഏറെ മനോഹരമായിരിക്കുന്നു.

ഉടനെ ബ്രഷെടുത്ത് ചായംകൂട്ടി ആ കാസ മായിച്ചുകളഞ്ഞു ഡാവിഞ്ചി പറഞ്ഞു: ക്രിസ്തുവിനെക്കാൾ ആകർഷണിയമായി ഈ ചിത്രത്തിൽ ഒന്നും ഉാകാൻ പാടില്ല.

ക്രിസ്തുവിനെക്കാൾ ആകർഷണിയമായി നിന്നിലുള്ളവയെന്തെന്നു കത്തി മായ്ച്ചുകളയുക. അത് നിത്യ സമാധാനത്തിലേക്കു നയിക്കും തീർച്ച.

-----------------------------------